**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2300** **21-01-2021 - ൽ മറുപടിയ്ക്ക്**

**പൊതുകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രകോടിയായിരുന്നു; ഇപ്പോൾ എത്ര കോടിയാണ്; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 31/03/2016 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്ക് പ്രകാരം 30.11.2020 വരെ (01.04.2020 മുതൽ 30.11.2020 വരെയുള്ള താത്കാലിക കണക്ക് ഉൾപ്പെടെ) സംസ്ഥാനത്തിന്റെ പൊതുകടം 1,90,982.53 കോടി രൂപയാണ്. |
| (ബി) | സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ കടം എത്ര; | (ബി) | C&AG യുടെ 31.03.2018 ൽ അവസാനിച്ച ആഡിറ്റ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ കടം 30008.07 കോടി രൂപയാണ്. |
| (സി) | കിഫ്ബി യുടെ കടം എത്ര; വ്യക്തമാക്കുമോ; | (സി) | 21.01.2021 വരെയുള്ള കണക്കുകൾ പ്രകാരം കിഫ്ബി യുടെ കടം 5637 കോടി രൂപയാണ്. |
| (ഡി) | സംസ്ഥാനത്തിന്റെ റവന്യൂ വരവ് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയായിരുന്നു; വളർച്ച നിരക്ക് വ്യക്തമാക്കുമോ; | (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം 2019-20 ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 90224.67 കോടി രൂപയായിരുന്നു. 2018-19 ലെ റവന്യൂ വരുമാനമായ 92854.47 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ റവന്യൂ വരുമാനത്തിൽ 2.83 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. |
| (ഇ) | കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ടു പാദത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് എത്ര കോടി കുറവ് വന്നു? | (ഇ) | നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ടു പാദത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 14937.70 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ